22.07.2018

# സൃഷ്ടികളിൽ രാഷ്ട്രീയം പ്രതിഫലിക്കുന്നത് സ്വാഭാവികമെന്ന് യുവ സംവിധായകർ

ചെറിയ മുതൽമുടക്കിൽ നല്ല ചിത്രങ്ങൾ സൃഷ്ടിക്കാനാകുമെന്നും അതിൽ രാഷ്ട്രീയം കടന്നുവരുന്നത് സ്വാഭാവികമാണെന്നും യുവ സംവിധായകർ. രാജ്യാന്തര ഡോക്യുമെന്ററി-ഹ്രസ്വ ചലച്ചിത്ര മേളയുടെ ഭാഗമായി മീറ്റ് ദ പ്രസ്സിൽ പങ്കെടുക്കവെ രാഹുൽ ജെയിൻ, ശില്പ ഗുലാത്തി, കോയൽ സെൻ തുടങ്ങിയ വരാണ് ഈ അഭിപ്രായം പങ്കുവെച്ചത്.

ജീവിത സാഹചര്യങ്ങളുടെ നേർക്കാഴ്ചകൾ ഒരുക്കുമ്പോൾ ബോധപൂർവ്വമ ല്ലെങ്കിലും അതിൽ കലാകാരുടെ രാഷ്ട്രീയം കടന്നുവരുമെന്ന് രാഹുൽ ജെയിൻ പറഞ്ഞു. വേണ്ടെന്ന് തീരുമാനിച്ചാലും ചിത്രങ്ങളിൽ അത് പ്രതിഫലിക്കുമെന്നും ഓരോ ദൃശ്യങ്ങളിലും അത് പ്രകടമാകുമെന്നും മെഷീൻസ് എന്ന ചിത്രത്തിന്റെ സംവിധായകൻ രാഹുൽ വ്യക്തമാക്കി. മനുഷ്യന് ഭയപ്പെടാതെ ജീവിക്കാൻ പ്രതീക്ഷയും ഉത്സാഹവും പകരുന്ന കഥകൾ പ്രചോദനമാകുമെന്ന് മറാത്തി സംവിധായിക വൈശാലി കെൻഡാലെ പറഞ്ഞു.

ജീവിതത്തിന്റെ സൂക്ഷ്മാംശങ്ങളിലാണ് താൻ സാധ്യതകൾ കണ്ടെത്തുന്ന തെന്നായിരുന്നു ലോക്ക് ആന്റ് കീ യുടെ സംവിധായിക ശില്പാ ഗുലാത്തി യുടെ അഭിപ്രായം. സംവിധായകരായ അരികര സുധൻ, അമൃത വാര്യർ, സേതുലക്ഷ്മി മുരളീധരൻ, സായ് കൃഷ്ണ, ഗൗതം ഗുലാത്തി, ബിശ്വരഞ്ജൻ പ്രധാൻ, ധ്രുവ് സജിത, ജസീർ തെക്കേക്കര, ഷിജിത് കല്യാടൻ തുടങ്ങിയവർ പങ്കെടുത്തു.

# കാഴ്ചയുടെ വർണോത്സവത്തിന് നാളെ തിരശ്ശീല

രാജ്യാന്തര ഡോക്യുമെന്ററി ഹ്രസ്വചിത്ര മേളയ്ക്ക് നാളെ സമാപനം. 36 രാജ്യങ്ങളിൽ നിന്നുള്ള 206 ചിത്രങ്ങളുടെ ദൃശ്യവിസ്മയ കാഴ്ചയ്ക്കാണ് നാളെ തിരശ്ശീല വീഴുന്നത്. അഞ്ചു ദിവസം നീണ്ടുനിന്ന മേളയിൽ ഇറാൻ, പലസ്തീൻ, ശ്രീലങ്ക, പാകിസ്ഥാൻ തുടങ്ങിയ രാജ്യങ്ങളിലെ ചിത്രങ്ങൾ വൻ പ്രേക്ഷക പ്രീതി നേടി. ഇറാനിയൻ സാമൂഹിക ജീവിതത്തിന്റെ പരിച്ഛേദമായിരുന്ന ചെറുചിത്രങ്ങളാണ് പ്രേക്ഷകമനസ്സുകളെ ഏറ്റവും കൂടുതൽ ആകർഷിച്ചത്. ക്യാമ്പസ് ചിത്രങ്ങളായെത്തിയ ആറ് ചിത്രങ്ങളും പുതുമയുള്ള ആശയങ്ങൾ പങ്കുവെച്ചു.

പലസ്തീനിലെ റഊദ് അന്റോണി ഒരുക്കിയ ഗോഡ്സ് ഹണ്ടിംഗ് എന്ന ചിത്രം മൂന്നാം ദിവസം പ്രേക്ഷകരെ കീഴടക്കി. കുടിയേറ്റക്കാർ നേരിടുന്ന ലിംഗസമത്വ പ്രശ്നങ്ങൾ ആവിഷ്കരിച്ച ഐ ആം നോട്ട് ദെയർ, സ്വാതന്ത്ര്യം സംരക്ഷിക്കാൻ സ്ത്രീകൾ നേരിടുന്ന വെല്ലുവിളികൾ ചിത്രീകരിച്ച ബ്രീത്ത്, എ സേഫ് പേഴ്സൺ ടു ടോക്ക് ടു തുടങ്ങിയവ ഉൾപ്പെട്ട എൻഗേജിംഗ് വിത്ത് സെക്ഷ്വാലിറ്റിയും കൈയ്യടി നേടി. വൈവിധ്യമാർന്ന പ്രമേയങ്ങളുടെ ആവിഷ്കാരങ്ങളായിരുന്നു ഈ വിഭാഗത്തിലെ ചിത്രങ്ങളെല്ലാം.

അരികരസുതൻ സംവിധാനം ചെയ്ത ഉള്ളംകൈ നെല്ലിക്കനി എന്ന ചിത്രം അവതരണത്തിന്റെ വൈവിധ്യം കൊണ്ട് പ്രേക്ഷക ഹൃദയം കീഴടക്കി. കെ.ആർ മനോജ് സംവിധാനം ചെയ്ത വർക്ക് ഓഫ് ഫയർ, ജിനീഷ് ചന്ദ്രന്റെ സിയ ഷോർട്ട് ഡോക്യുമെന്ററി വിഭാഗത്തിൽ ബിജു പങ്കജ് സംവിധാനം ചെയ്ത സഹ്യന്റെ നഷ്ടം എന്നിവയും ശ്രദ്ധനേടി.